ഉത്തരം

(എ) 1997-98, 1998-99 വർഷങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് യഥാക്രമം 1025/- കോടി രൂപയും 1116/- കോടി രൂപയുമാണ് വകയിരുത്തിയിരുന്നത്. ഇതിൽ 1997-98-ൽ 749 കോടി രൂപയും 1998-99ൽ 950 കോടി രൂപയും പദ്ധതി ഗ്രാന്റായിട്ടാണ് നൽകിയിട്ടുള്ളത്.

(ബി) തദ്ദേശ സ്ഥാപനങ്ങളുടെ ചെലവ് കണക്കാക്കുന്ന പ്രക്രിയ പൂർത്തിയായിട്ടില്ല.

(സി) ഉണ്ട്.

(ഡി) കൈവരിച്ച ഫിസിക്കൽ ടാർജറ്റിന്റെ ശതമാനം കണക്കാക്കിയിട്ടില്ല.

(ഇ) 1154.40 കോടി രൂപ.

(എഫ്) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ചെലവ് കണക്കാക്കുന്ന പ്രക്രിയ പൂർത്തിയായിട്ടില്ല.

പദ്ധതി വിഹിതം പൂർണ്ണമായും ചെലവാക്കാത്ത പഞ്ചായത്തുകൾ

71 (1432)ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ജനകീയാസൂത്രണ പദ്ധതിയിൽ കഴിഞ്ഞവർഷം പദ്ധതി വിഹിതം പൂർണ്ണമായും ചെലവഴിച്ച ത്രിതല പഞ്ചായത്തുകൾ ഏതെല്ലാം;

(ബി) 50 ശതമാനത്തിനും 25 ശതമാനത്തിനും ഇടയിൽ ചെലവഴിച്ച എത്ര പഞ്ചായത്തുകൾ ഉണ്ട്.

(സി) ആകെ ചെലവഴിക്കാത്ത സംഖ്യ എത്ര;

(ഡി) ഇതിന്റെ ജില്ലാ ബ്ലോക്ക് ഗ്രാമതല ലിസ്റ്റ് നൽകുമോ;

(ഇ) സ്പിൽ ഓവർ പദ്ധതികളുടെ നടത്തിപ്പിന് പ്രത്യേക മാർഗ്ഗ നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാമാണ്;

(എഫ്) പദ്ധതി നിർവ്വഹണത്തിനുള്ള തടസ്സങ്ങളായി പ്ലാനിംഗ് കമ്മീഷനോ മറ്റ് ഏജൻസികളോ ചൂണ്ടിക്കാണിച്ച വസ്തുതകൾ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ജില്ലാ ബ്ലോക്കു പഞ്ചായത്തുകളിൽ ഒരു പഞ്ചായത്തും പദ്ധതി വിഹിതം പൂർണ്ണമായും ചെലവഴിച്ചിട്ടില്ല. ഗ്രാമ പഞ്ചായത്തുകളിൽ പുത്യക്ക, അഴിക്കോട് എന്നിവയാണ് പൂർണ്ണമായും പദ്ധതി വിഹിതം ചെലവഴിച്ച പഞ്ചായത്തുകൾ.

(ബി) 35 ബ്ലോക്കു പഞ്ചായത്തുകളും 224 ഗ്രാമപഞ്ചായത്തുകളുമാണ് 50%നും 25% നും ഇടയിൽ പദ്ധതി വിഹിതം ചെലവഴിച്ചത്.

(സി)&(ഡി) അവസാന കണക്കുകൾ തിട്ടപ്പെടുത്തിവരുന്നതേയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സ്പിൽ ഓവർ പദ്ധതികൾക്ക് ആവശ്യമായ പണം നീക്കി വച്ചിട്ടാണ് അടുത്ത വർഷത്തേയ്ക്കുള്ള പദ്ധതികൾ തയ്യാറാക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മുൻ വർഷത്തെ പദ്ധതി വിഹിതം വിനിയോഗിച്ച് നടപ്പാക്കുന്ന പ്രോജക്ടുകൾ പ്രത്യേകം വേർതിരിച്ച് കാണിക്കണം. മുൻ വർഷങ്ങളിൽ ആരംഭിച്ച പ്രോജക്ടുകൾ മുൻഗണനയോടെ പൂർത്തിയാക്കാൻ പ്രാധാന്യം നൽകണം.

(എഫ്)പദ്ധതി നിർവ്വഹണത്തിന് തടസ്സങ്ങളെന്ന രീതിയിൽ പ്ലാനിംഗ് കമ്മീഷനോ മറ്റ് ഏജൻസികളോ ഒരു വസ്തുതയും ചൂണ്ടിക്കാണിച്ചിട്ടില്ല.

പണം വകമാറ്റി ചെലവു ചെയ്ത ബ്ലോക്ക് പഞ്ചായത്തുകൾ

72 (1433) ശ്രീ. എം. മുരളി :
ശ്രീ. പി.ജെ. ഫ്രാൻസിസ് :
ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് ബ്ലോക്ക് പഞ്ചായത്തുകളിൽ ജീവനക്കാരുടെ ശമ്പളം, ബത്ത, മറ്റ് അലവൻസ്സുകൾ, ഓഫീസ് ചെലവുകൾ, അംഗങ്ങളുടെ ബത്ത എന്നിവയ്ക്ക് അനുവദിച്ച തുക തീർന്നതു കൊണ്ട് ഈ സാമ്പത്തിക വർഷം ഈ ആവശ്യങ്ങൾക്കായി വക മാറ്റി ചെലവു ചെയ്ത എത്ര ബ്ലോക്കു പഞ്ചായത്തുകളുണ്ട്;

(ബി) ഇത്തരം ബ്ലോക്കു പഞ്ചായത്തുകളിലെ ജീവനക്കാരുടെ ശമ്പളം, ബത്ത, അംഗങ്ങളുടെ ബത്ത എന്നിവയ്ക്കുള്ള പണം എപ്രകാരം കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്;

(സി) ഇപ്രകാരം എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കു വേണ്ടി വകമാറ്റി ചെലവു ചെയ്ത ബ്ലോക്കു പഞ്ചായത്തുകളുടെ മേൽ എന്ത് നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 126 ബ്ലോക്ക് പഞ്ചായത്തുകൾ തുകവകമാറ്റി ചെലവു ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ ബ്ലോക്ക് പഞ്ചായത്തുകൾക്ക് എസ്റ്റാബ്ലിഷ്മെന്റ് ഗ്രാന്റിനത്തിൽ സംസ്ഥാന ബഡ്ജറ്റിൽ നീക്കിവെച്ച 610 ലക്ഷം രൂപ പൂർണ്ണമായും അനുവദിച്ചതിനു പുറമെ അടിസ്ഥാന നികുതി ഗ്രാന്റിനത്തിൽ ബ്ലോക്കു പഞ്ചായത്തുകൾക്കായി 209,63,100/- രൂപയും വിതരണം ചെയ്തിട്ടുണ്ട്.

(സി) ഇക്കാര്യം പരിഗണിച്ചു തീരുമാനിക്കുന്നതാണ്.

പഞ്ചായത്തുകൾ നേരിടുന്ന സാമ്പത്തിക പ്രതിസന്ധി

73 (1434)ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly